**അടിയന്തിരം**

*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

തീയതി : 11.08.2016

നം.ഇ8/2210/15/സിഇ/തസ്വഭവ

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം 01.08.2016 മുതൽ 31.03.2017 വരെയുള്ള കാലഘട്ടത്തിൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിവരശേഖരണം സംബന്ധിച്ച്.

സൂചന:- തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശം.

മേൽ സൂചന പ്രകാരം, ഫയൽ അദാലത്തുമായി ബന്ധപ്പെട്ട്, ഈ വകുപ്പിനു കീഴിലുള്ള ഓഫീസുകളിൽ നിന്നും 01.08.2016 - 31.03.2017 കാലഘട്ടത്തിൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗവൺമെന്റിലേയ്ക്ക് നൽകാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ ടി വിവരങ്ങൾ താഴെ നൽകിയിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിൽ **ഇ-മെയിൽ മുഖാന്തിരം** 17.08.2016 -ാം തീയതിയ്ക്കകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**(01.08.2016 - 31.03.2017) കാലഘട്ടത്തിൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിവരം**

| ക്രമ നം. | തസ്തിക | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് | വിരമിക്കൽ തീയതി | വകുപ്പുതല അച്ചടക്ക നടപടികൾ/വിജിലൻസ് കേസുകൾ എന്നിവ നിലവിലുണ്ടോ | ഉണ്ടെങ്കിൽ വിശദവിവരം (CE ഓഫീസിലെ ഫയൽ നം. സഹിതം) | നിലവിലെ തസ്തികയിലെ പ്രൊബേഷൻ ഡിക്ലറേഷനുമായി ബന്ധപ്പെട്ട നടപടികൾ CE ഓഫീസിലോ ഗവ.-ലോ പെൻഡിംഗ് ഉണ്ടോ | ഉണ്ടെങ്കിൽ വിശദവിവരം |
|---|---|---|---|---|---|---|---|
| | | | | | | | |

എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയമാരും അവരുടെ അധികാര പരിധിക്കു കീഴിലുള്ള സബ് ഡിവിഷൻ, സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും, ഉത്തര/ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എൻജിനീയർമാർ അവരുടെ അധികാര പരിധിക്കു കീഴിലുള്ള എല്ലാ മുനിസിപ്പാലിറ്റികളിൽ നിന്നും ടി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകേണ്ടതാണ്. എല്ലാ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എൻജിനീയർമാരും ടി വിവരങ്ങൾ നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. **സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ/വിജിലൻസ് കേസുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ എത്രയുംവേഗം ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കേണ്ടതിനാൽ, മേൽ സൂചിപ്പിച്ച നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ടി വിവരങ്ങൾ നൽകേണ്ടതും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഗവൺമെന്റ് നിർദ്ദേശ പ്രകാരമുള്ള അച്ചടക്കനടപടികൾ** സ്വീകരിക്കുന്നതുമാണ്.

f/ ചീഫ് എൻജിനീയർ

പകർപ്പ്:- (1) സൂപ്രണ്ടിംഗ് എൻജിനീയർ, കോർപ്പറേഷനുകൾ.
(2) സൂപ്രണ്ടിംഗ് എൻജിനീയർ, ഉത്തര/ദക്ഷിണ മേഖലകൾ.
(3) എക്സിക്യൂട്ടീവ് എൻജിനീയർ, ജില്ലാ പഞ്ചായത്തുകൾ.

S1285

KSRRDA- ജില്ലാ P.I.U- ലും സേവനമനുഷ്ഠിക്കുന്ന തസ്വഭവ (എഞ്ചിനീയറിംഗ് ... വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ (01.08.16 - 31.03.17) കാലഘട്ടത്തിൽ
നിർദ്ദിഷ്ട ... KSRRDA Supdtg. Engr ക്രോഡീകരിച്ചു നൽകേണ്ടതാണ്.